**കുടുംബശ്രീ ജില്ലാമിഷൻ  തൃശ്ശൂർ**

**വൾണറബിലിറ്റി മാപ്പിംഗ് – ഒന്നാം ഘട്ടം**

**റിപ്പോർട്ട്**

**നടത്തറ ഗ്രാമപഞ്ചായത്ത്**

1 വയോജനങ്ങൾക്ക് മരുന്ന് വാങ്ങാൻ

- സാമ്പത്തികമായി പിന്നോക്കം നൽകുന്നവരെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- സാമ്പത്തികശേഷി കുറഞ്ഞ, മാറാരോഗം പിടിപ്പെട്ടവർക്ക് ഇത് വളരെ ആശ്വാസകരമായി.

2 വയോജനങ്ങൾക്ക് കട്ടിൽ  എസ് സി /എസ് ടി / ജി

- എസ് സി /എസ് ടി / ജി വിഭാഗങ്ങൾക്ക് ഈ പദ്ധതി വഴി കട്ടിൽ  കൊടുക്കുന്നതു കൊണ്ട് സാമ്പത്തിക  ശേഷി കുറഞ്ഞ എല്ലാ വയോജനങ്ങൾക്കും ആശ്വാസകരമായി.
- കിടപ്പിലായ നിത്യ രോഗികൾക്കും ആശ്വാസകരമാണ്.

3 ബാലസഭാ പ്രവർത്തനങ്ങൾക്ക്

- കുട്ടികലുടെ മാനസിക ഉല്ലാസത്തിനും ,ശീരീരിക വ്യായാമത്തിനും, നേതൃത്വപാടവത്തിനും, കലാ, കായിക വികസനത്തിനും വ്യക്തിത്ത്വ വികാസത്തിനും ഉതകുന്ന പ്രവർത്ത നത്തനങ്ങൾ കോടുക്കാൻ സാധിക്കുന്നു.

4 വയോജനങ്ങൾക്ക് യോഗപരിപാലനം

- 60 വയസ്സു കഴിഞ്ഞ എല്ലാവർക്കും യോഗപരിശീലനം ലഭിക്കുന്നതിലൂടെ മാനസിക, ശാരീരിക ഉൻമേഷം ലഭിക്കുന്നു.
- അസുഖങ്ങളെ നിയന്ത്രിച്ച് കൊണ്ടുപോകാൻ സാധിക്കുന്നു.

5 ജെന്റർ റിസോഴ്സ് സെന്റർ

- സ്ത്രീകൾക്കും കുട്ടികൾക്കും ഉണ്ടാകുന്ന ഏതു പ്രശ്നവും പരിഹരിക്കാൻ ജെന്റർ റിസോഴ്സ് സെന്ററിലൂടെ സാധിക്കും.
- പ്രായഭേദമന്യേ കൗൺസലിംഗ് കൊടുക്കുന്നു.
- സ്ത്രീകളുടെയും കുട്ടികളുടെയും മാനസിക, ശാരീരിക ശാക്തീകരണത്തിന് സാധിക്കുന്നു.

6 നിർഭയ ജാഗ്രതാസമിതി സിറ്റിംഗ്

- സ്ത്രീകളുടെയും കുട്ടികളുടെയും മാനസിക, ശാരീരിക ശാക്തീകരണത്തിന് സാധിക്കുന്നു.
- പരാതികൾ സ്വീകരിച്ച് പരിഹരിക്കുന്നു.

7 ബഡ്സ് കുട്ടികൾക്ക് അനുയോജ്യ ഉപകരണങ്ങൾ

- മാനസിക വെല്ലുവിളി നേരിട്ട കുട്ടികൾക്ക് മാനസിക ഉല്ലാസം ലഭിക്കുന്നു.
- ബുദ്ധിവികാസത്തിന് ഉതകുന്നു.

വർണറബിലിറ്റിമാപ്പിങ്ങിലൂടെ ഇത്രയും പ്രെജക്ടുകൾ കണ്ടെത്തി നടപ്പിലാക്കുന്നതു വഴി അവശതയനുഭവിക്കുന്ന ജനവിഭാഗങ്ങൾക്ക് നേരിട്ട് ഇറങ്ങി ചെന്ന് അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുവാനും പരിഹരിക്കാനും പഞ്ചായത്തിനു സാധിച്ചു.

## പാണഞ്ചരി ഗ്രാമ പഞ്ചായത്ത്

1 പകൽ വീട് –1552750

- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും പകൽ സമയം ഒറ്റയ്ക്ക് വീടുകളിൽ കഴിയുന്ന വൃദ്ധർക്ക് കൃത്യസമയത്ത് ചൂടോടെ ഭക്ഷണവും മറ്റുള്ളവരുമായി ഒരുമിച്ചിരുന്ന് പകൽ സമയം ചിലവഴിക്കുന്നതിനും ഒറ്റപ്പെടലിൽ നിന്ന് മോചനവും ലഭ്യമാകുന്നു എന്നതാണ് പകൽ വീട് കൊണ്ട് സാധ്യമാകുന്നത്.

2 പെൺകുട്ടികൾക്ക് കരാട്ടെ പരിശീലനം

- ഒന്നാം ഘട്ടം എന്ന നിലയ്ക്ക് ഗവൺമെന്റ് സ്കൂളിൽ പെൺകുട്ടികൾക്ക് സ്വയം രക്ഷയും ആത്മധൈര്യവും കരാട്ടെ പരിശീലനം കൊണ്ട് സാധ്യമാകുന്നു.

3 തുണി/ പേപ്പർ ബാഗ് നിർമ്മാണം

- സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വനിതകൾക്ക് സാമ്പത്തിക വരുമാനവും പഞ്ചായത്ത് പരിധിയിൽ പ്ലാസ്റ്റിക്ക് ഉപയോഗം കുറച്ച് കൊണ്ട് വരുന്നതിനും സാധ്യമാകുന്നു.

4 എസ്.ടി.കോളനികളിൽ റേഷൻ വിതരണം

- കിലോമീറ്ററോളം യാത്ര ചെയ്താണ് കോളനി നിവാസികൾ റേഷൻ വാങ്ങി പോയിരുന്നത്. അവരുടെ പ്രശ്നങ്ങൾ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിനും മാപ്പിംഗ് കൊണ്ട് സാധിച്ചു. ഇന്ന് റേഷൻ സഞ്ചരിക്കുന്ന റേഷൻ ഷോപ്പ് വഴി അവരുടെ കോളനികളിൽ എത്തിക്കുന്നതിന് സാധിച്ചു.
- കോളനികളിലെ കുട്ടികൾ പഠനത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന അവസ്ഥയാണ് കണ്ടെത്താൻ സാധിച്ചത്.അതിന്റെ ഭാഗ മായി ഓരോ കോളനികളിലും ട്യൂഷൻ സെന്ററുകൾ തുടങ്ങുന്നതിന് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.
- അർഹതപ്പെട്ട ഭൂമി ലഭിക്കാത്തതിനാൽ കുടിൽ കെട്ടി താമസിക്കുന്നതു കൊണ്ട് വന്യമൃഗങ്ങളിൽ നിന്ന് സംരക്ഷണം അവർക്ക് ലഭിക്കുന്നത്.അത്പോലെ തന്നെ തൊഴിൽ ചെയ്യാൻ ഭൂമി ഇല്ല എന്നതാണ് അവർ നേരിടുന്ന പ്രധാന പ്രശ്നം.

5 പച്ചക്കറി കൃഷി വനിതകൾക്ക്

- മലയോരമേഖല ആയതുകൊണ്ട് തന്നെ കൃഷിയെ ആശ്രയിച്ച് കഴിയുന്നയുന്നവരാണ് ഭൂരിഭാഗം ജനങ്ങളുംയ വനിതകൾക്ക് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഫണ്ട് വെക്കുന്നതിന് മാപ്പിംഗ് കൊണ്ട് സാധിച്ചു.

6 വനിതാ കാന്റീൻ

- മായമില്ലാത്ത നല്ല ഭക്ഷണം ലഭ്യമാക്കുന്നതിന് വനിത കാന്റീന്റെ ആവശ്യകത ശ്രദ്ധയിൽ പെടുത്തുന്നതിനും സാധിച്ചു.

7 വയോജനങ്ങൾക്ക് കട്ടിൽ

- വയോജനങ്ങൾക്ക് പോഷഹാരമാണ് മാപ്പിംഗിലൂടെ കണ്ടെത്താൻ കഴിഞ്ഞത്. എങ്കിലും ഈ സാമ്പത്തിക വർഷം പിന്നോക്കം നിൽക്കുന്ന വൃദ്ധർക്ക് കട്ടിൽ ലഭ്യമാക്കുന്നതിന് കഴിഞ്ഞു.

8 യോഗ പരിശീലനം – വനിത

- വനിതകൾക്ക് മാനസികവും ശാകീരികവുമായ ഉന്മേഷം ലഭിക്കുന്നു.

9 ബാലസഭ പ്രവർത്തനങ്ങൾ

- കുട്ടികളുടെ മാനസിക ഉല്ലാസത്തിനും വ്യക്തിത്വ വികസനത്തിനും ഉതകുന്ന പ്രവർത്തനങ്ങൾ കൊടുക്കുവാൻ സാധിക്കുന്നു.